"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - **2026-27** സാമ്പത്തിക വർഷത്തെ പദ്ധതിയേതരയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡു അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.**333/2026/CLAD** തീയതി,തിരുവനന്തപുരം, **02-07-2026**

---

പരാമർശം:-
1. **04.08.2020** -ലെ **103/2020**/ധന നമ്പർ സർക്കുലർ
2. **04.01.2021** -ലെ **1/2021**/ധന നമ്പർ സർക്കുലർ
3. **26.07.2022** -ലെ **65/2022**/ധന നമ്പർ സർക്കുലർ
4. സ.ഉ(സാധാ)നം. **285/2026**/സാംകാവ തീയതി, **05.05.2026**
5. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ **06.06.2026**- ലെ **1081**/ഇ**4/2025**/എസ് ഐ ഇ പി നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് **2026-27** സാമ്പത്തിക വർഷം **"2202-05-102-98-00-36-NP"** എന്ന ശീർഷകത്തിൽ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുള്ള **291.72** ലക്ഷം രൂപയിൽ നിന്നും രണ്ടാം ഗഡു അനുവദിക്കുന്നതിനായി പരാമർശം **(5)** പ്രകാരം ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയേതരയിനത്തിൽ ആദ്യ ഗഡുവായി **₹58,34,400/-** പരാമർശം **(4)** പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഗഡുവായി **₹52,00,000/-** അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് **2026-27** സാമ്പത്തിക വർഷം **2202-05-102-98-36-NP** എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും രണ്ടാം ഗഡുവായി **₹25,00,000(ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം)** അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിബന്ധന പ്രകാരം പ്രസ്തുത തുക കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799011400006874** എന്ന **STSB** അക്കൗണ്ട് നമ്പറിലേയ്ക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ്, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ഉൾപ്പെടെ അടുത്ത ഗഡുവിനായുള്ള ശിപാർശ പരാമർശം (1) ലും (3) ലും നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, സ്ഥാപനത്തിൽ ജി സ്പാർക്ക് നടപ്പിലാക്കിയതിനു ശേഷം മാത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം അഞ്ജന ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള,
തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകപ്പ് (29.06.2026 ലെ 3479368 EDN-D2/67/2026-FIN നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (C1/47/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 02-07-2026 16:02:45

സെക്ഷൻ ഓഫീസർ

പകർപ്പ് :- വിനോദ സഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ് . ന്